## കത്തുകൾ/പ്രതികരണങ്ങൾ

കേരളീയം, കൊക്കാലെ, തൃശൂർ-680021
e-mail: mailkeraleeyam@gmail.com, 0487 2421385

# ഡേ ഓഫ് ദ അനിമൽസ്: ഒരിക്കൽ അത് സംഭവിക്കും

**നായയും** മനുഷ്യനും തമ്മിൽ വഷളാകുന്ന ബന്ധത്തിൽ നായയെ കൊടും ക്രൂരനായ പ്രതിസ്ഥാനത്ത് നിർത്തിയുള്ള വിചാരങ്ങൾക്കു നന്ദി. നായയുടെ കടിയേറ്റു മരിച്ച സ്ത്രീയുടെ അവസ്ഥയും പരുക്കേറ്റ പലരുടെ അവസ്ഥയും വേദനാജനകമാണ്. പക്ഷെ, സംഭവിക്കുന്ന ഏത് ദുരന്തത്തിന് പിന്നിലും മനുഷ്യനായിരിക്കും കാരണം എന്നതിന് ഇതും തെളിവാണ്. നായകൻ നമ്മുടെ പറമ്പുകളിലൂടെയും തെരുവുകളിലൂടെയും ഓടാൻ തുടങ്ങിയിട്ട് ആയിരത്താണ്ടുകളായിരിക്കും. അന്നൊന്നും അവറ്റകൾ ഇങ്ങനെ കടിച്ചുപറിക്കുമായിരുന്നില്ല.

നാടും നഗരവും ഇറച്ചിക്കട മാലിന്യം കൊണ്ടുനിറഞ്ഞതിന് ശേഷമാണ് നായകൾ ആക്രമണകാരികളായത്. ഈ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കാനുള്ള വഴിയൊക്കെയുണ്ട്. ചിലരെങ്കിലും അത് ചെയ്യുന്നുമുണ്ട്. ഇറച്ചിക്കട മാലിന്യത്തിനൊപ്പം മറ്റു അവശിഷ്ടങ്ങളും പുഴയോരത്തും കടൽത്തീരത്തും കണ്ടൽക്കാടുകളിലും തള്ളുന്നു. ഇതെല്ലാം തിന്നാൽ നായ്ക്കൾ മാത്രമല്ല, മനുഷ്യരും കടിച്ചുകീറാൻ തുടങ്ങും. സ്വന്തം മകനെ ഇരുമ്പുവടി കൊണ്ടടിച്ച്, തിളച്ചവെള്ളം കൊണ്ടു പൊള്ളിച്ച കഞ്ചാവു വിൽപ്പനക്കാരായ അച്ഛന്റെയും അമ്മയുടെയും വാർത്ത ഇപ്പോൾ വായിച്ചുനിർത്തിയതേയുള്ളൂ. നായയ്ക്കു മാത്രമല്ല, പൂച്ച, കീരി, കന്നുകാലികൾ തുടങ്ങിയ പല മൃഗങ്ങൾക്കും ഭ്രാന്ത് വരും. 'കേരളത്തിലെ 95 ശതമാനം പേരും രഞ്ജിനി ഹരിദാസിനെ പട്ടി കടിക്കണം എന്നാഗ്രിക്കുന്നു' എന്ന ട്രോൾ അത്ര നിർദ്ദേഷമായ ഒരു ഫലിതമല്ല. അവരുടെ കൂസലില്ലായ്മ മലയാളത്തിലെ ആൺ ബലൂണുകളെ കുത്തിപ്പൊട്ടിക്കുന്നുണ്ട്.

കേരളത്തിന്റെ പുറമ്പോക്കുകൾ മാലിന്യമുക്തമാകണം. ഒരൊറ്റ നായയും പിന്നെ മനുഷ്യനെ ആക്രമിക്കില്ല. കൊലയാളികളെ എത്ര വിചാരണയ്ക്ക് ശേഷമാണ് മനുഷ്യക്കോടതി ശിക്ഷിക്കുന്നത്. ഈ ഭൂമിയിലെ മറ്റൊരു അവകാശിക്ക് മരണശിക്ഷ വിധിക്കുമ്പോൾ ഒരു വിചാരണയും നടക്കുന്നില്ല.

'ഡേ ഓഫ് ദ അനിമൽസ്' എന്നൊരു ഹോളിവുഡ് സിനിമയുണ്ട്. കൊണ്ടുമടുത്ത മൃഗങ്ങളെല്ലാം കൂടി മനുഷ്യനെതിരെ തിരിയുന്ന കഥ പറയുന്ന സിനിമയാണിത്. ഒരിക്കൽ അത് സംഭവിക്കുക തന്നെ ചെയ്യും.

**വി.എസ്. അനിൽകുമാർ,** *(കടപ്പാട്: മംഗളം).*

## കേരളീയം റെയ്ഡ് അന്യായം: മനുഷ്യാവകാശ കമ്മീഷൻ

കേരളീയം മാസികയുടെ ഓഫീസിൽ 2014 ഡിസംബർ 23ന് അർദ്ധരാത്രിയിൽ സായുധരായ പോലീസ് സംഘം നടത്തിയ റെയ്ഡ് അന്യായമായിരുന്നു എന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. 2016 ജൂലായ് 2ന് ആണ് കേരളീയം നൽകിയ പരാതി തീർപ്പാക്കിക്കൊണ്ട് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചത്. "പാതിരാത്രിയിലെ അറസ്റ്റും മനുഷ്യാവകാശങ്ങൾക്ക് തടസ്സമുണ്ടായതും ഒഴിവാക്കേണ്ടതായിരുന്നു. നിരോധിത സംഘടനയുമായി ബന്ധമുണ്ടെന്ന് സംശയിക്കുന്ന ഒരാളെയും കസ്റ്റഡിയിലെടുക്കാൻ ഈ റെയ്ഡ് വഴി സാധിച്ചിട്ടില്ല. നിരോധിത പ്രസിദ്ധീകരണങ്ങളോ സ്ഫോടക വസ്തുക്കളോ കണ്ടെടുത്തിട്ടുമില്ല. ഭരണഘടന നൽകുന്ന സ്വാതന്ത്ര്യവും തുല്യതയും നിയമാനുസരണം പ്രവർത്തിക്കുന്ന എല്ലാ മാദ്ധ്യമങ്ങൾക്കും ഉറപ്പാക്കേണ്ടത് പോലീസിന്റെ ഉത്തരവാദിത്തമാണ്. കസ്റ്റഡിയിൽ എടുക്കപ്പെട്ടവർ ആരും തീവ്രവാദികളാണെന്ന് സ്ഥിരീകരിക്കാത്തതിനാലും കേസെടുത്തിട്ടില്ലാത്തതിനാലും ഈ റെയ്ഡിന്റെ നേട്ടമെന്തെന്ന് വ്യക്തമല്ല. നിയമവിധേയമായി പ്രവർത്തിക്കുന്നവരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കേണ്ടത് പോലീസിന്റെ ചുമതലയാണ്."– ഉത്തരവ് പറയുന്നു.

കേരളീയം മാസികയ്ക്കു നേരെയുണ്ടായ അന്യായമായ റെയ്ഡിൽ പ്രതിഷേധിക്കാൻ ഒപ്പം ചേർന്ന എല്ലാ സുഹൃത്തുക്കളോടും ഈ വിവരം പങ്കുവയ്ക്കുന്നു. എല്ലാവർക്കും നന്ദി.

**കേരളീയം വരിസംഖ്യ**
**അയയ്ക്കുമല്ലോ...**
വാർഷിക വരിസംഖ്യ (12 ലക്കം) :
ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ
വിദേശത്തേക്ക് : 1200 രൂപ.
കൂട്ടായ്മ അംഗത്വം : 15,000 രൂപ.
ആജീവനാന്ത വരിസംഖ്യ : 10,000 രൂപ.
കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന, പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.
ബന്ധങ്ങൾക്ക് :
**കേരളീയം, കൊക്കാലെ, തൃശൂർ-680021**
ഫോൺ : 0487 2421385, 9446576943

**കേരളീയം**
**അടുത്തലക്കത്തിൽ**

**നിർബന്ധിത വാക്സിൻ എടുക്കില്ല എന്നു പറയുന്നതിന്റെ ശാസ്ത്രീയവും രാഷ്ട്രീയവുമായ കാരണങ്ങൾ വിശദീകരിക്കുന്ന**
**സനൂപ് നരേന്ദ്രന്റെ പഠനം**

**വികസനവും പരിസ്ഥിതിയും: നീതിയുടെ അവഗണിക്കപ്പെടുന്നതെങ്ങനെ?**
**സുകുമാർ മുരളീധരൻ എഴുതുന്നു**